നമ്പർ എഫ് 1/27452/13

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി :14-08-2013.

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജില്ലാതല റിവ്യൂ മീറ്റിംഗ് നടത്തുന്നത് സംബന്ധിച്ച്-

സൂചന:-

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി - പദ്ധതിയിതര വിഷയങ്ങളും, സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചും അവലോകനം ചെയ്യുന്നതിനായി ജില്ലകളിൽ എല്ലാമാസവും റിവ്യൂമീറ്റിംഗ് നടത്തി വരുന്നു. എല്ലാ മാസത്തെയും 4-ാം മാസത്തെ പ്രവൃത്തി ദിവസമാണ് ജില്ലാതല റിവ്യൂ മീറ്റിംഗ് നടത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ളതെങ്കിലും പല ജില്ലകളിലും ആയത് പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാതല റിവ്യൂ മീറ്റിംഗിൽ സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ നേരിട്ടുള്ള സംയോജനം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതിഡയറക്ടറുടെ പ്രതിനിധികളെ നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലാതല റിവ്യൂ മീറ്റിംഗ് എല്ലാ മാസത്തെയും 4- ാമത്തെ പ്രവർത്തിദിനം തന്നെ നിർബന്ധമായും നടത്തേണ്ടതാണ്. ജില്ലാതല റിവ്യൂ മീറ്റിംഗിന്റെ അജണ്ടയിൽ ആദ്യം DPO, WPO സ്ഥാപനസൂപ്രണ്ട് എന്നിവരുമായി ബന്ധപ്പെട്ട വിഷയവും അതിനുശേഷം ICDS മായി ബന്ധപ്പെട്ട വിഷയവും അവലോകനം ചെയ്യേണ്ടതാണ്. ICDS സൂപ്പർവൈസർമാരെ മൂന്നുമാസത്തിൽ ഒരിക്കൽ റിവ്യൂ മീറ്റിംഗിൽ പങ്കെടുപ്പിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

JBS/13